सारस्वत वाणी

प्रकाशनः
संयुक्त गौड सारस्वत सभा, कालिकत

ANNUAL SUBSCRIPTION ₹ 12/-

खंड 44 अंक 8 (केवळ अंगा खातीर) आगोस्त 1, 2022

SARASWATH VANI

Published By
SAMYUKTHA GOWD SARASWATH SABHA, CALICUT

Jayalakshmi
THE BRIDAL DESTINATION
I AM
JAYALAKSHMI
TeamOne
Shop Online
www.jayalakshmisilks.com
KOCHI • KOZHIKODE • THIRUVANANTHAPURAM • THRISSUR • MANGALORE

ॐ

श्री महालसा नारायणी प्रसन्ना:

With Best Compliments From:

SADGURU MARBLE AND GRANITES

BIS
100% Hall Marked Jewellery

100% BIS Hall Marked light weight
Traditional, Antique collections

AKSHAYA
JEWELLERS

GOLD - DIAMOND - SILVER - GEM STONES

MELE PALAYALAM ROAD, CALICUT - 1

☎ 0495 2728916 7012737356

Follow us on :

SUNDAY ALSO OPEN VALET PARKING AVAILABLE

Saraswath Vani

Published by

SAMYUKTHA GOWD SARASWATH SABHA

SOORAJ JEWELLERS,

KAMMATH LANE, CALICUT - 673 001, PH : 2701420

Reg. No. 16 / 1974

संपादक :

डि. शांताराम नायक

वांगडी:

डॉ. बालगोपाल टि.एस.प्रभु

जि.संतोष पै

डॉ. आशा जयकुमार

अधिकाराक लागून वांगडी :

डॉ. जि.आर. जयकुमार (अद्यक्ष)

यु. गोकुलदास मल्लर (कार्यदर्शी)

खंड 44 | अंक 7 | (केवळ अंगा खातीर) | 1 आगोस्त, 2022

मांडावळ

पान

Cover Story		7
GOA- A RENDEZVOUS	Manasa Shastry	11
ഭൂമിയുടെ തെക്കെയറ്റത്ത്	ഡോ. ആശ ജയകുമാർ	13
ഗോവയിലെ വിസ്താരം	ശ്രീകേഷ് പുതുവാശ്ശേരി	24
മൊഴിയടയാളങ്ങൾ	ശിവപ്രസാദ് എസ്. ഷേണായി	29
खबर आनी घडणूक		32
खास दीस		36

ATTENTION PLEASE

Materials, News items for publication in the Saraswath Vani should be sent to the following address before 20th of each month:

Editor, Saraswath Vani
Sooraj Jewellers, Kammath Lane
KOZHIKODE - 673001
e-mail: saraswathvani@gmail.com

प्रार्थना

OM! May the presiding deity of day be propitious to us. May the presiding deity of night be propitious to us. Mat the presiding deity of sense vision be propitious to us. May the Gods of strength and intelligence be also propitious to us. May the all-pervading

सुभाषितम्

Listen to and practice Dharma, the essence of which is not to inflict on others what hurts oneself.

अमृतवचनम्

"Character is like a tree and reputation its shadow. The shadow is what we think it is and the tree is the real thing."

- Abraham Lincoln

KAMALADEVI CHATTOPADYAYA: A GREAT ACHIEVER

U. Gopal Maller

Kamaladevi Chattopadyaya, a multi-faceted personality, who had left an ineffaceable mark in India's national life through her unique contributions in varied fields, was born in a Saraswath Brahmin family in Mangalore on April 3, 1903, as the daughter of Ananthyya Dhareswar, who was then the district Collector of Mangalore, and Girija Bai, an educated woman belonging to a family of landlords in coastal Karnataka. Kamaladevi's paternal grandmother was well -versed in ancient epics and puranas. Kamaladevi, an exceptional student, was also highly courageous and unswerving in her resolve from her early age. Her determination was so strong that once she made up her mind on anything, she used to go to any length to accomplish it. Hence, to learn the ancient Sanskrit drama tradition of Kerala- Koodiyattam – she took the lessons staying at the residence of her preceptor and authority on Abhinaya and Natyasastra, Natyacharya Mani Madhava Chakyar, at Killikkurussimangalam in Kerala.

Tragedy struck Kamaladevi early in her life when her elder sister, with whom she was very close, died in her teens, immediately after her early marriage. And when Kamaladevi was just seven years old, she lost her father as well. To add to the woes of her mother, as her father died in intestate, according to property laws prevalent during those times, the entire property went to her stepson, and Girija Bai and her daughter were eligible for only a monthly allowance! However, Girija Bai, a courageous woman, refused to accept the allowance and raised her daughter on whatever property she got from her parental home as dowry.

Even while she was a young girl, Kamaladevi had the opportunity to come into contact with great freedom fighters and intellectuals like Mahadev Govind Ranade, Gopala Krishna Gokhale,

Annie Besant, etc., which naturally enabled her to know about India's freedom movement. Kamaladevi completed her primary education at the St. Ann's Convent at Mangalore. The rich cultural and social milieu, in which she lived, especially of the music and dance form of Yakshagana, naturally generated in her a taste for traditional art-forms.

Kamaladevi was given in marriage to Krishna Rao when she was only fourteen years old. However, tragedy struck her again when her husband died in two years. But unperturbed by this unfortunate development, she joined the Queen Mary's College in Chennai for higher studies. There she met Sarojini Naidu's younger brother Harindranath Chattopadhyaya and their love for theatre culminated in their marriage in 1923. During those days widow marriages were a taboo and a rarity! Nevertheless, Kamaladevi valiantly and successfully fought against this social taboo.

She, along with her husband, travelled all over India, producing plays and skits. Then the couple visited London where she enrolled in Sociology and Economics course at the Bedford College. They stayed in London for a few years and, giving up their academic studies, returned to India. In India, they did a number of plays together. It was during this time their son Ramakrishna was born.

In 1933, Haridranath and Kamaladevi decided to separate and it is interesting to note that the first legal separation of any married couple in India was between Harindranath and Kamaladevi.

In 1921, Kamaladevi, who came into contact with Margret E. Cousins, a suffragette and founder of the All India Women's Conference (AIWC), and as inspired by her, contested election for Madras Provincial Legislative Assembly. Although she lost by a very small margin, she could earn the distinction of being the first woman candidate to run for a legislative seat in India.

Later, when Mahatma Gandhiji, as part of his famous Salt Satyagraha, formed a seven-member team to prepare salt at the Bombay seashore, she was one among them. Also, she showed the courage to try to sell the 'Freedom Salt' prepared by her to an English magistrate at the Bombay High Court. Also, on January 26, 1930, braving the police action, she clung to the national tricolour flag, which brought her widespread media attention and accolades.

During the Second World War, as part of her whirlwind world tour to make the international community aware of the situation in India and canvass for India's independence after the culmination of the war, when she was in the United States, she happened to board a segregated train. In Louisiana, when the conductor tried to oust her from the train exclusively reserved for the Whites, she refused to alight from the train. "I am a coloured woman and there is no need for you to disturb me. I have no intention of moving out from here," she told him, and he had to allow her to continue to travel in the train.

Following India's Partition in 1947, there was an influx of refugees from Pakistan. And Kamaladevi plunged into the work of rehabilitating the refugees. As Part of her plan to help the refugees, she formed the Indian Cooperative Union and made the arrangement to set up a township. Althoug in the initial stage Jawaharlal Nehru was averse to her idea, ultimately he relented and allowed to go ahead with her project under the condition that she would not receive any State assistance whatsoever. And with strenuous efforts, on the outskirts of New Delhi, the township of Faridabad was set up and more than 50, 000 refugees from the Northeast Frontier were rehabilitated there. She also helped the refugees to establish new homes there and take to new profession, giving them necessary training in new skills. She also helped them to set up health facilities in the township.

She, who was fully aware of Nehru's vision of India's development through mass production, was certain that India's traditional artisans, especially those belonging to the unorganised section, would be badly affected by this policy. So, she did everything in her capacity to help artisans and village industries. As part of her plan to help these sections she also set up a series of craft museums to hold and showcase India's indigenous arts and crafts, which included the Theatre Crafts Museum in Delhi.

A woman ahead of her times, it was Kamaladevi who took the initiative to establish the All India Handicrafts Board and the National School of Drama. She was the first chairperson of the All India Handicrafts Board and the first president of the World Crafts

Council, Asia Pacific Region. It was she who started the Natya Institute of Kathak and Choreography at Bangalore, under the aegis of the Bharatiya Natya Sangh, affiliated to UNESCO.

Kamaladevi was conferred with Padma Bhushan in 1955 and Padma Vibhushan in 1987. She was the recipient of the Ramon Magsaysay Award for community leadership in 1966. In 1974, she was awarded the Sangeeth Natak Akademi Fellowship, Ratna Sadasya, in recognition of her lifetime work. In 1977, she was honoured by the UNASCO for her contribution towards promotion of handicrafts. She also had received the highest award of Shantiniketan, Desikottama.

Kamaladevi had written 19 books on a range of subjects.

She died in Mumbai on October 29, 1988, at the age of 85.

आशंसा पूर्वक

SARASWATHI
Jewellery

Retail Dealers in
All Kinds of Silver Anklets, Vessels & Articles

Mele Palayam, Calicut - 673 001
Mob : 9895276234

GOA- A RENDEZVOUS

Part 1

Manasa Shastry

Today, Goa is known for its sandy beaches, exhilarating parties, delectable cuisine, beautiful Portuguese architecture and so much more. But innumerable sunrises and sunsets ago, Goa had a history which must never be forgotten. This is a topic that needs to be discussed today, lest we forget that it ever happened- the Saraswats and the Inquisition of Goa.

Goa was once Gomantak, the land to which the Saraswat Brahmins of the northern plains migrated. It is said that 96 families exited from Dwarka and reached Goa by sea around 1,100 years ago.They were basically Vedic scholars who slowly ventured into agriculture and business too.

Being a community that was used to migration, (they had to leave Kashmir for Bengal or "Goud" and then go to the Western part of India), they had finally found a permanent haven in Goa- that is, until the Portuguese arrived. Very very interestingly, the fate of these Saraswat Brahmins was inextricably intertwined with that of Jews, thousands of kilometers away, in Spain.

The Jews were a prosperous and scholarly community, strewn across Europe. Their rapid advancement was intolerable to many- there were ridiculous rumours about them that they were Satan worshippers, pagans prone to child sacrifice, capable of shadow shifting, etc. Although they were in harmony with everyone, they were always looked at with unreasonable suspicion.

Many of the Jews were converted to Christianity across Europe. This was sometimes by choice, sometimes to avoid persecution and many times per force. However, in the confines of their own homes, many of these 'New Christians' still observed Passover, avoided certain foods, sent oil to light the lamps of their synagogues, etc. The non-conformity of these New Christians was just unbearable to the forces responsible for their entry into the new fold.

One particular monk called Torquemada, who had an upper hand with the royals of Spain, requested an official intervention from the authorities into the matter of religion, so as to promote conversion into

Christianity, and oversee the right maintenance of customs by the New Christians. Hence started the Spanish Inquisition- a series of torturous episodes that humiliated, weakened and killed thousands of Jews.

Overnight, the Jews were made to proclaim their allegiance or leave the country. They sold their sprawling bungalows for just pennies, gathered what they could and some even dug up the graves of their ancestors in the hope that it won't be desecrated by the Inquisitors and fled to nearby Egypt, Morocco and Portugal.

In Portugal, they were exploited for small excesses of cash. They were chased away after a few months, but in many instances their children were retained by the Portuguese and forced to convert into Christianity. The Jews fled to many faraway nations, and one of these nations was India. They settled in various places like Goa and Cochin.

There were already many Christians in India. The arrival of Jews and 'New Christians' (from Portugal) who did not adhere to the ecclesiastical faith as per the hopes of the authorities threatened their image. Hence, the Portuguese representatives in India made importunate requests to the Portuguese royals to permit another Inquisition here in Goa.

This Goan Inquisition was a harrowing, humiliating and heart-rending test of faith and fortitude of the Saraswats. Those of us who haven't read about it in our history books need to know about it, because it is an unforgettable chapter in the history of our culture. More on this painful part of the past in the next issue.

This series of articles is based on the travels of the couple, ManasaShastry and Sagar Bharathraj (son of Shoba Bharathraj and Bharathraj Venkat Rao, Calicut), to Goa, in 2021.

ഭൂമിയുടെ തെക്കെയറ്റത്ത്

ഭാഗം 1 (തുടർച്ച)

ഫുട്ബോളിന്റെ നാട്ടിൽ

ഡോ. ആശ ജയകുമാർ

ബ്രസീലിന്റെ സാംബാ നൃത്തം

വലിയ ഡ്രമ്മുകൾ കൊട്ടിക്കൊണ്ട് പാടുന്ന സാംബാ ഗാനത്തിന് അകമ്പടി സേവിച്ച് ചടുലമായി ചുവടുകൾ വയ്ക്കുന്ന നർത്തകർ. കടുത്ത നിറങ്ങളിലുള്ളതാണ് അവരുടെ വസ്ത്രം. വസ്ത്രങ്ങളിലും, തലയിലും പല നിറങ്ങളിലുള്ള തൂവലുകൾ പിടിപ്പിച്ചിട്ടുണ്ട്. കാഴ്ചക്കാർ അറിയാതെ താളംപിടിയ്ക്കും, ത്രസിപ്പിക്കുന്ന സാംബാ നൃത്തം കാണുമ്പോൾ.

പാരഗ്വായ് നൃത്തം

'പോൾക്ക' എന്നാണ് ഈ രാജ്യത്തിന്റെ പരമ്പരാഗത നൃത്തത്തിന്റെ പേര്. ഡ്രം, ഗിറ്റാർ, അക്കോർഡിയൻ, ട്രംപെറ്റ്, ക്ലാരിനെറ്റ് എന്നീ വാദ്യങ്ങളുടെ അകമ്പടിയോടെ ചെറിയ ചുവടുകൾ വച്ച് ആടുന്ന നൃത്തമാണിത്. വെള്ളയിൽ കറുപ്പും ചുവപ്പും ചിത്രത്തുന്നൽ ചെയ്ത സ്കർട്ടും ബ്ലൗസുമാണ് സ്ത്രീകളുടെ വേഷം. പുരുഷന്മാരുടെ വേഷം പാന്റും ഷർട്ടും എംബ്രോയ്ഡറി ചെയ്ത കോട്ടും തൊപ്പിയും.

അർജന്റീനയുടെ സാംബാ (Zamba)

ബ്രസീലിന്റേത് Samba. ബ്രസീലിന്റെ സാംബയ്ക്കും അർജന്റീനയുടെ സാംബയ്ക്കും ഒരു സാമ്യവുമില്ല. ബ്രസീലിയൻ സാംബ ഒരുതരം കാടൻ നൃത്തമാണ്. പക്ഷെ അർജന്റീനിയൻ സാംബയിൽ മനോഹരമായ വസ്ത്രവും, ചുവടുകളും, താളവും ലയവുമുണ്ട്. കയ്യിൽ തൂവെള്ള നിറത്തിലുള്ള തൂവാലയും ചുഴറ്റിയാണ് ഡാൻസ്. ബോംബോ ലെഗൂറോ എന്ന ഡ്രമ്മും, ഗിറ്റാറുമാണ് പ്രധാന സംഗീതോപകരണങ്ങൾ. ധാരാളം വർണ്ണഞൊറികളുള്ള പാവാട ധരിച്ച് സ്ത്രീകൾ ഡാൻസു ചെയ്യുന്നതുകാണാൻ നല്ല ഭംഗിയുണ്ടായിരുന്നു.

ബൊളീവിയയുടെ കാപൊറേൽസ്

നല്ല ഭംഗിയുള്ള നൃത്തമാണ് ബൊളീവിയയുടേത്. പുരുഷന്റെ വേഷം കണ്ടാൽ പഴയകാല പട്ടാളവേഷം ഓർമ്മവരും. അടിമകളുടെ ചാർജ്ജുള്ള ഗാർഡ് ആണ് അയാൾ എന്നാണ് വയ്പ്പ്. കാലിലണിഞ്ഞിരിക്കുന്ന ബൂട്ട്സിൽ വലിയ ചിലങ്കകൾ പോലെ ബെല്ലുകൾ അണിഞ്ഞിരിക്കുന്നു (കാസ്കബെൽസ്) പുരുഷഡാൻസർമാരുടെ ഒരു കയ്യിൽ തൊപ്പിയും മറുകയ്യിൽ ചാട്ടവാറുമുണ്ടായിരുന്നു.

നർത്തകികൾ, ധാരാളം ചുരുക്കുള്ള മിനി സ്കർട്ടാണ് ധരിച്ചിരിക്കുന്നത്. കാലുകളിൽ ചർമ്മത്തിന്റെ നിറമുള്ള panty hose അണിഞ്ഞിട്ടുണ്ട്. ചിത്രപ്പണി ചെയ്ത മനോഹരമായ തൊപ്പിയും ഷുവും നർത്തകിയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നുണ്ടായിരുന്നു.

മെക്സിക്കോയുടെ ഹാറ്റ് ഡാൻസ്
(Jarabe-Tapatio)

മെക്സിക്കോയുടെ ദേശീയ നൃത്തരൂപമാണിത്. പുരുഷന്മാരുടെ തലയിൽ വലിയൊരു തൊപ്പിയുണ്ട്. ധാരാളം ഞൊറികളുള്ള, വർണ്ണാഭമായ പാവാടയാണ് സ്ത്രീകൾ അണിഞ്ഞിരിക്കുന്നത്. മയിൽ പീലിവിടർത്തിയാടുകയാണെന്ന് തോന്നും പാവാടയുടെ ചലനങ്ങൾ കാണുമ്പോൾ. ഗിറ്റാറും ഹാർപ്പും വയലിനുമായിരുന്നു സംഗീതോപകരണങ്ങൾ.

ഉറുഗ്വായുടെ ടാംഗോ നൃത്തം

വലിയ, നിറമേറിയ ഡ്രമ്മുകളുമായി പുരുഷന്മാരും. അല്പ വസ്ത്രധാരികളായ സ്ത്രീകളുമാണ് നൃത്തക്കാർ. വളരെ ചടുലമായ ചുവടുകൾ. സ്ത്രീകളുടെ മുടിയിൽ നീണ്ട റിബ്ബൺ.

ചിലെയുടെ ക്വീക്ക നൃത്തം

ചിലെയുടെ ദേശീയ നൃത്തമാണിത്. പൂവൻ കോഴി പ്രണയ പരവശനായി പിടക്കോഴിയുടെ പിറകെ നടക്കുന്നുവെന്നാണത്രെ സങ്കൽപ്പം. ധാരാളം പൂക്കളുടെ പ്രിന്റുള്ള, ഞൊറികളുള്ള ഉടുപ്പാണ് നർത്തകികൾ ധരിച്ചിരിക്കുന്നത്. പുരുഷന്മാർക്ക് പാന്റ്, ഷർട്ട്, ജാക്കറ്റ്, ബൂട്ട്സ്, തൊപ്പി. സ്ത്രീകളുടെ കയ്യിൽ വെള്ള നിറത്തിലുള്ള തൂവാലയുണ്ടായിരുന്നു.

കൊളംബിയയുടെ 'കുംബിയ'

അനേകം ഞൊറികളും, എംബ്രോയ്ഡറിയും, വർണ്ണങ്ങളുള്ള പാവാടയുമായി നർത്തകികൾ മയൂരനൃത്തമാടുന്നത് കാണാൻ എന്തൊരു ഭംഗി. പുരുഷന്മാർക്ക് വെള്ളപ്പാന്റും വെള്ള ഷർട്ടും തൊപ്പിയും കഴുത്തിലൊരു ചുവന്ന കർച്ചീഫും ചുവന്ന അരപ്പട്ടയും.

അവസാനം, വീണ്ടും ബ്രസീലുകാർ വന്നു. ചില ടേബിളുകളിൽ ടാംഗോ നൃത്തക്കാരും. ഹോട്ടൽ ജീവനക്കാർ പല രാജ്യങ്ങളുടേയും പതാകകളേന്തി മാർച്ചുചെയ്ത് സ്റ്റേജിനടുത്തേക്ക് നീങ്ങിയപ്പോൾ കാണികൾ നീണ്ട കരഘോഷം മുഴക്കി.

അന്ന് കിണി മാമന്റേയും, ജോസ് അങ്കിളിന്റേയും ജന്മദിനമായിരുന്നു. ലുച്ചിയും നിജോയും കൂടി കേക്ക് സംഘടിപ്പിച്ചു. ഞങ്ങൾ birthday song ആലപിച്ച് അവർക്ക് ജന്മദിനാശംസകൾ നേർന്നു. രാത്രി റഫെയ്ൻ ഹോട്ടലിൽ ഉറക്കം.

വെള്ളച്ചാട്ടത്തിലേക്കൊരു എടുത്തുചാട്ടം

18-01-2020 ശനി

രാവിലെ ഉണർന്നപ്പോൾ ഇന്നലെ രാത്രി കണ്ട ഡാൻസുകളെപ്പറ്റിയായിരുന്നു എന്റെ ചിന്ത. നമ്മുടെ ഇന്ത്യയിൽ ഇതിനെയൊക്കെ വെല്ലുന്ന എത്ര ഡാൻസുകളുണ്ട്! ഓരോ സംസ്ഥാനത്തിനും അതാതിന്റെ തനത് നൃത്തങ്ങളുണ്ട്. ഒരേ സംസ്ഥാനത്തുതന്നെ എന്തെല്ലാം നൃത്തങ്ങളുണ്ട്. നമുക്കും റഫെയ്ൻ ഷോ നടത്തുന്നതുപോലെ ഈ

നൃത്തങ്ങളെയെല്ലാം ഒരു സ്റ്റേജിൽ കൊണ്ടു വന്നുകൂടെ ? VIPകളെ സ്വീകരിക്കാനോ മറ്റോ രണ്ടുമൂന്നു കലാരൂപങ്ങൾ പ്രദർശിപ്പിക്കാറുണ്ട്, എന്നല്ലാതെ ടൂറിസം പരിപോഷിപ്പിക്കാൻ നമ്മൾ കാര്യമായി ഒന്നും ചെയ്യുന്നില്ല.

ഇന്നലെക്കണ്ട ഒരു ഡാൻസിനെപ്പറ്റി എഴുതാൻ വിട്ടുപോയി. പരിപാടിയുടെ സമാപനത്തിന് തൊട്ടുമുൻപാണ് അത് അവതരിപ്പിച്ചത്. സ്ത്രീകൾ ഭംഗിയുള്ള ചിത്രത്തുന്നലുള്ള വലിയ ടവലുകളുമായിട്ടാണ് വന്നത്. പുരുഷന്മാർ രണ്ടു കയ്യിലും കയറിന്റെ (കട്ടിയുള്ള, ഉറപ്പുള്ള ചരട്) അറ്റത്തുകെട്ടിയ ഭാരമുള്ള ഗോളങ്ങളുമായിട്ട് വന്നു. അവർ ആ ഗോളങ്ങൾ കറക്കിക്കൊണ്ടേയിരുന്നു. ചരടിന്റെ നീളം കൂട്ടിയും കുറച്ചും, മൂലകങ്ങളിൽ ഇലക്ട്രോണുകൾ സഞ്ചരിക്കുന്നതുപോലെ പല ദിശ കളിൽ ഗോളങ്ങൾ ചലിപ്പിച്ച് അവർ കാണികളുടെ കയ്യടി നേടി. ഒരിക്കൽ പോലും ചരടുകൾ തമ്മിൽ കെട്ടുപിണയുകയോ, ഗോളങ്ങൾ ആരുടെയെങ്കിലും ശരീരത്തിൽ സ്പർശിക്കുകയോ ചെയ്തില്ല. എത്രയോ മണിക്കൂർ കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ ഇങ്ങനെ ചെയ്യാൻ പറ്റുകയുള്ളു.

ഇന്ന് ഞങ്ങൾ അർജന്റീനയിലേക്ക് പോവുകയാണ്. ഇന്നലെ ബ്രസീലിന്റെ ഭാഗത്തുള്ള ഇഗ്വാസു വെള്ളച്ചാട്ടമാണ് കണ്ടത്. ഇന്ന് അർജന്റീനയുടെ ഭാഗത്തുള്ള 'വലിയ' വെള്ളച്ചാട്ടമാണ് സന്ദർശിക്കാൻ പോകുന്നത്.

വെളുപ്പിന് ആറുമണിക്കുതന്നെ ഞങ്ങളെല്ലാവരും ബ്രേക്ക് ഫാസ്റ്റ് കഴിക്കാനെത്തി. മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഹോട്ടലുകാർ ഞങ്ങൾക്കുവേണ്ടി ഭക്ഷണം ഒരുക്കിയിരുന്നു. പലതരം ബ്രെഡ്ഡുകൾ, കേക്കുകൾ, പഴങ്ങൾ, കോൺഫ്ളേക്സ്, മുട്ട, പാൽ, കാപ്പി, ചായ എന്നിവയായിരുന്നു വിഭവങ്ങൾ. പഴങ്ങൾ മുറിച്ചുവച്ചിരിക്കുന്നതു കാണാൻ എന്തൊരു ഭംഗി !

ഇന്ന് ലുച്ചി വലിയൊരു ബസ്സുമായിട്ടാണ് എത്തിയിരിക്കുന്നത്. അതുകൊണ്ട് ലഗ്ഗേജ് മുഴുവൻ അതിനുള്ള അറയ്ക്കകത്ത് ഒതുക്കി വെയ്ക്കാൻ പറ്റി. എല്ലാവർക്കും സുഖമായി കാലും നീട്ടി ഇരിയ്ക്കാൻ സാധിച്ചു. റോഡുമാർഗ്ഗം ഞങ്ങളുടെ ലക്ഷ്യസ്ഥാനത്തെത്താൻ രണ്ടുമണിക്കൂറോളം സമയമെടുക്കും. ഇന്ന് നമുക്ക് എല്ലാവർക്കും പരിചയപ്പെടാം എന്ന് നിജോ പറഞ്ഞപ്പോൾ എല്ലാവരും കയ്യടിച്ചു. എന്റെ സഹയാത്രികരുടെ പേരുകൾ എഴുതട്ടെ.

1. ശ്രീ. വിജയൻ പിള്ള - റിട്ട. പ്രിൻസിപ്പൽ, പുനലൂർ HSS
2. ശ്രീ. ജിജിമോൻ - ഇടുക്കി, ബിസിനസ്സ്
3. ശ്രീ. ജോർജ്ജ് തോമസ് - കോട്ടയം - ബിസിനസ്സ്
4. ശ്രീ. കുരുവിള - Retd. - AG's Office - Tvm
5. ശ്രീമതി. സൂസമ്മ കുരുവിള - Retd. - AG's Office - Tvm
6. ശ്രീ. ജോർജ്ജ് കുരുവിള, ശ്രീമതി. ആനി കുരുവിള -

കുവൈറ്റിൽ ജോലി ചെയ്തിരുന്നു. ഇപ്പോൾ നാട്ടിൽ വിശ്രമജീവിതം

7. ശ്രീ. രാമകൃഷ്ണ കിണി - Retd. AGM - Corporation bank
8. ശ്രീമതി. റാണി കിണി - Retd. ടീച്ചർ; ഫാമിലി കൗൺസിലിംഗ് നടത്തുന്നു.
9. ശ്രീ. സക്കറിയ ബാബു - ബിസിനസ്സ് - കോട്ടയം
10. ശ്രീമതി. സുമ സക്കറിയ - ടീച്ചർ (റിട്ട.)
11. ശ്രീ. അബ്ദുൾഖാദർ - കണ്ണൂർ - അബുദാബിയിൽ ജോലിയായിരുന്നു. ഇപ്പോൾ വിശ്രമജീവിതം (Telecom)
12. ശ്രീ. ടോം, ശ്രീമതി. കവിത ടോം - കോട്ടയം - ഹോട്ടൽ ബിസിനസ്സ് - 5 ആൺമക്കൾ !
13. ശ്രീ.ജോസ്, ശ്രീമതി. ലാലമ്മ ജോസ് - 50 വർഷമായി അബുദാബിയിൽ ബിസിനസ്സ്
14. ശ്രീ. തോമസ്/തോമാച്ചൻ. ശ്രീമതി. റോസമ്മ തോമസ് - കോട്ടയത്തെ ആർക്കേഡിയ ഹോട്ടലുടമ. ടോമിന്റെ മാതാപിതാക്കൾ.
15. ശ്രീ. സേവ്യർ സുനിൽ, ശ്രീമതി. സിസിലി സുനിൽ - ബിസിനസ്സ് - Tvm.
16. ശ്രീ. പ്രകാശ് പനങ്കാവിൽ - പാലക്കാട് - കോയമ്പത്തൂരിൽ ജോലി.
17. ശ്രീ. നിജോ ജോർജ്ജ് - ഗ്രൂപ്പിന്റെ ലീഡർ കം ഗൈഡ് - എറണാകുളത്തുകാരൻ.
18. ഡോ. ജയകുമാർ - സർജൻ, നിർമ്മല ഹോസ്പിറ്റൽ, കോഴിക്കോട്.
19. ഡോ. ആശ ജയകുമാർ - അനാട്ടമി പ്രഫസർ, ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്.

ടോമും കവിതയും നിജോയും പ്രകാശുമായിരുന്നു കൂട്ടത്തിലെ ചെറുപ്പക്കാർ. പകുതിയിലധികം പേരും ഉന്നതസ്ഥാനങ്ങളിൽ വിരാജിച്ചവരും മക്കളെ ഉന്നതസ്ഥാനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യമുള്ളവരും വിശ്രമജീവിതം നയിക്കുന്നവരുമായിരുന്നു. യാത്ര ചെയ്യാൻ താത്പര്യമില്ലാത്ത ഭാര്യയെ കൂടെ കൊണ്ടുവരാത്തവരുമുണ്ടായിരുന്നു ! ബസ്സിൽ മൈക്ക് ഉണ്ടായിരുന്നതുകൊണ്ട് എല്ലാവരുടേയും സംഭാഷണം വ്യക്തമായി കേട്ടു.

അങ്ങനെ പരിചയപ്പെടലും കഴിഞ്ഞു. ആ സമയം കൊണ്ട് ബസ്സ് ബ്രസീൽ - അർജന്റീന ബോർഡറിലുള്ള ടാൻക്രി ഡോ നീവ്സ് പാലത്തിനടുത്തെത്തി. അവിടെ ടോൾ ജംഗ്ഷൻ പോലെ ഒരു സ്ഥലമുണ്ട്. ബസ്സ് അവിടെ നിർത്തി. ലുച്ചിയും നിജോയും എല്ലാവരുടേയും പാസ്പോർട്ടുകളുമായി അർജന്റീനയുടെ ഓഫീസി ലേക്കു പോയി. അവിടെ വാഷ്റും സൗകര്യവുമുണ്ടായിരുന്നു. മിക്കവരും ആ സൗകര്യം പ്രയോജനപ്പെടുത്തി.

Tancredo Neves Bridge - Fraternity Bridge

ബ്രസീലിലെ Foz do Iguacu എന്ന നഗരത്തേയും അർജ

ന്റീനയുടെ പോർട്ടോ ഇഗ്വാസു എന്ന നഗരത്തേയും ബന്ധിപ്പിക്കുന്ന പാലമാണിത്. Fraternity എന്ന വാക്കിന് സൗഹാർദ്ദം, പരസ്പരധാരണ എന്നും അർത്ഥമുണ്ട്. രണ്ട് അയൽ രാജ്യങ്ങൾ തമ്മിൽ ഊഷ്മളമായ ബന്ധം ഊട്ടിയുറപ്പിക്കുന്ന പാലമാണിത്. പാലത്തിനടിയിലൂടെ ഇഗ്വാസു നദി ഒഴുകുന്നു. 1985 നവംബർ 29 നാണ് ഈ പാലത്തിന്റെ ഉദ്ഘാടനം നടന്നത്. ബ്രസീലിലെ പ്രമുഖ രാഷ്ട്രീയ നേതാവ് ടാൻക്രിഡോ നീവ്സിന്റെ പേരാണ് പാലത്തിന് നൽകിയിരിക്കുന്നത്.

489 മീറ്ററാണ് പാലത്തിന്റെ നീളം; 16.5 മീറ്റർ വീതി, ഏറ്റവും ഉയരം കൂടിയ ഭാഗം 70 മീറ്റർ. ബ്രസീലിനേയും പാരഗ്വായേയും ബന്ധിപ്പിച്ച് ഫ്രണ്ട്ഷിപ്പ് ബ്രിഡ്ജ് നിലവിൽ വന്നതോടെയാണ് ബ്രസീൽ - അർജന്റീന പാലത്തെപ്പറ്റി ഇരുരാജ്യങ്ങളും ചിന്തിച്ചുതുടങ്ങിയത്. പാലത്തിന്റെ മദ്ധ്യഭാഗംവരെ, കൈവരികളിൽ ബ്രസീലിന്റെ പതാകയിലെ പച്ചയും മഞ്ഞയും നിറങ്ങളാണ് കൊടുത്തിട്ടുള്ളത്. മറുപകുതിയിൽ അർജന്റീനയുടെ പതാകയുടെ നിറങ്ങളായ ഇളം നീലയും വെള്ളയും.

പാലത്തിന്റെ നടുക്ക് Frontiera De Pais Brasil Argentina എന്ന് പച്ചയും വെള്ളയും നിറമുള്ള ബോർഡും, രണ്ടറ്റത്തും അതാത് രാജ്യങ്ങളുടെ പതാകയും നാട്ടിയിട്ടുണ്ട്. ഞങ്ങൾ ബസ്സിൽ നിന്നും പുറത്തിറങ്ങി ഈ കാഴ്ചകളൊക്കെ കണ്ടും ഫോട്ടോയെടുത്തും നിന്നപ്പോഴേക്കും നിജോയും ലുച്ചിയും പാസ്പോർട്ടുകളിൽ സീല് പതിപ്പിച്ച് ബസ്സിനടുത്തെത്തി. അർജന്റീനയിൽ ഞങ്ങളെത്തി എന്നതിന്റെ അടയാളമായിരുന്നു ആ സീൽ. ബസ്സ് പാലം കടന്ന് അല്പദൂരം പിന്നിട്ടപ്പോൾ അർജന്റീനയുടെ ഉദ്യോഗസ്ഥൻ ഞങ്ങളുടെ ബസ്സ് നിർത്താൻ ആവശ്യപ്പെട്ടു. അയാൾ ബസ്സിനകത്ത് കടന്നുവന്ന് എല്ലാ പാസ്പോർട്ടിലും സീല് പതിച്ചിട്ടുണ്ടെന്ന് ഒന്നുകൂടി ഉറപ്പുവരുത്തി, ഞങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് ഇറങ്ങിപ്പോയി.

അർജന്റീനയുടെ നാഷണൽ പാർക്കിൽ അല്പസമയത്തിനകം ഞങ്ങൾ എത്തിച്ചേർന്നു. Veijo Hotel Cataratas എന്ന ഹോട്ടൽ പരിസരത്ത് ബസ്സ് നിർത്തി. അതിന്റെ പരിസരത്ത് ധാരാളം പേരമരങ്ങൾ കായ്ച്ചുനിന്നിരുന്നു. കയ്യെത്തും ദൂരത്തുള്ള പഴുത്ത പേരയ്ക്കകൾ ഞങ്ങൾ പറിച്ചുതിന്നു.

ഇഗ്വാസു നാഷണൽ പാർക്ക്, അർജന്റീന

677 KM'ൽ പരന്നുകിടക്കുന്ന ഈ ദേശീയോദ്യാനം UNESCOയുടെ ലോക പൈതൃക പട്ടികയിൽ 1984ൽ ഇടം നേടി. 1934ലാണ് വനങ്ങളേയും വെള്ളച്ചാട്ടത്തേയും വന്യജീവികളേയും സംരക്ഷിക്കാൻ ഈ പദ്ധതി നിലവിൽ വന്നത്. ജഗ്വർ എന്നയിനം പുലി, ഉറുമ്പുതീനി, പലതരം പക്ഷിമൃഗാദികൾ, ഷഡ്പദങ്ങൾ, ഉരഗങ്ങൾ എന്നിവ ഇവിടെ സസുഖം വാഴുന്നു. കാപുഷിൻ കുരങ്ങുകൾ, കാതി, കപ്പിബാര, 2000 ഇനം ഓർക്കിഡുകൾ എന്നിവയും ഇവിടെയുണ്ട്. ജഗ്വറിനെ ഒഴികെ ബാക്കി ജീവികളെയൊക്കെ ഞങ്ങൾക്ക് കാണാൻ പറ്റി.

ഞങ്ങൾ 'ഡെവിൾസ് ത്രോട്ട്' എന്നറിയപ്പെടുന്ന, അർജന്റീനയുടെ ഭാഗത്തുള്ള 'ബല്യ' വെള്ളച്ചാട്ടം കാണാൻ പോവുകയാണ്. അതിനടുത്തെത്താൻ ആദ്യം ചെറിയൊരു ട്രെയിൻ യാത്ര ചെയ്യേണ്ടതുണ്ടെന്ന് ലുച്ചി പറഞ്ഞു. ഞങ്ങൾ ലുച്ചിയോടൊപ്പം 300 മീറ്റർ ദൂരത്തുള്ള റെയിൽവേ സ്റ്റേഷനിലേക്ക് നടന്നു.

റെയ്ൻ ഫോറസ്റ്റ് എക്കോളജിക്കൽ ട്രെയിൻ

അഥവാ Waterfalls train

ദേശീയോദ്യാനത്തിലെ 7 കി.മീ. ദൂരം, 600 എം.എം. വീതിയുള്ള narrow gauge ലൂടെ ഓടുന്ന, സുന്ദരമായ തീവണ്ടിയാണിത്. 150 യാത്രക്കാർക്ക് യാത്രചെയ്യാനുള്ള സൗകര്യമാണുള്ളത്. വിസിറ്റേഴ്സ് സെന്ററിൽ നിന്നും കാറ്റററ്റാസ് സ്റ്റേഷനിലേക്കും ഡെവിൾസ് ത്രോട്ട് സ്റ്റേഷനിലേക്കും പോകാൻ ഈ ശകടമാണ് ഏറ്റവും അനുയോജ്യം. ഒരു വർഷം 9 ലക്ഷം ടൂറിസ്റ്റുകളാണ് ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നത്.

ഇംഗ്ലണ്ടിലെ ആലംകീഫ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഈ കുഞ്ഞൻ വണ്ടിയുടെ നിർമ്മാതാക്കൾ. പ്രകൃതിയുമായി ഇംങ്ങിച്ചേരാൻ പച്ചനിറമാണ് തീവണ്ടിക്ക് നൽകിയിരിക്കുന്നത്. പ്രൊപ്പെയ്ൻ എന്ന ഇന്ധനമാണ് ഇതിൽ പണ്ട് ഉപയോഗിച്ചിരുന്നത്. 20KMPH സ്പീഡിലാണ് യാത്ര. പുതിയ വണ്ടികൾ 100% 'Electrica' ആണ്.

സെൻട്രൽ സ്റ്റേഷനിൽ യാത്ര തുടങ്ങുന്ന വണ്ടി, കാറ്റററ്റാസ് സ്റ്റേഷനിലും, ഗാർഗാന്റാ (ഡെവിൾസ് ത്രോട്ട്) സ്റ്റേഷനിലുമാണ് നിർത്തുക. ഗാർഗാന്റാ സ്റ്റേഷൻ മുതൽ ഡെവിൾസ് ത്രോട്ട് ജലപാതം വരെ ഒന്നാം തരം നടപ്പാതയുണ്ട്. അതിലൂടെ നടന്നുനടന്ന് ജലനിരപ്പിൽ നിന്നും 90 മീറ്റർ ഉയരത്തിൽ നിർമ്മിച്ച ഉരുക്ക് പ്ലാറ്റ്ഫോമിൽ നിന്ന് ചെകുത്താൻ കിടങ്ങിന്റെ ഭീകരസൗന്ദര്യം ആസ്വദിക്കാം - ഈ വിവരങ്ങളൊക്കെ ലുച്ചി തരക്കേടില്ലാത്ത ഇംഗ്ലീഷിൽ പറഞ്ഞുതന്നു.

രാവിലെ 9.25നാണ് സെൻട്രൽ സ്റ്റേഷനിൽ നിന്നും തീ വണ്ടി യാത്ര തുടങ്ങിയത്. എല്ലാവർക്കും സൗകര്യപ്രദമായ സീറ്റുകൾ ലഭിച്ചു. മരം കൊണ്ടു നിർമ്മിച്ച സീറ്റുകളായിരുന്നു. തീവണ്ടിയുടെ ഇരുവശങ്ങളും തുറന്നുകിടന്നിരുന്നതുകൊണ്ട് കാഴ്ചകൾ കണ്ടുകൊണ്ട് യാത്ര ചെയ്യാൻ കഴിഞ്ഞു. സെൻട്രൽ സ്റ്റേഷനിൽ ഡസൻ കണക്കിന് കാതികൾ അലഞ്ഞു നടക്കുന്നുണ്ടായിരുന്നു. കൗതുകമുണർത്തുന്ന ജീവികൾ. നീണ്ട മൂക്കും, ശരീരത്തേക്കാളേറെ നീളമുള്ള വാലും, രോമാവൃതമായ ശരീരവുമാണവയ്ക്ക്. വാലിൽ ശംഖുവരയൻ പാമ്പിനുള്ളതു പോലെ വളയങ്ങൾ. അവ ഭക്ഷണാവശിഷ്ടങ്ങൾ തേടി അലയുകയാണ്.

റെയിൽ പാതയുടെ രണ്ടുവശങ്ങളിലും വൻമരങ്ങളും സർപ്പക്കാവുകളിൽ കാണുന്നതു പോലെ കെട്ടുപിണഞ്ഞുകിടക്കുന്ന വള്ളികളുമാണ്. ട്രെയിനിന് അധികം വേഗതയില്ലാത്തതു കൊണ്ട് പറന്നുനടക്കുന്ന പക്ഷികളേയും പൂമ്പാറ്റകളേയും വ്യക്തമായി

കാണുന്നുണ്ടായിരുന്നു. പൊന്തക്കാടുകൾ പൂച്ചെണ്ടുകൾ കാണിച്ചു കൊണ്ട് ഞങ്ങൾക്ക് സ്വാഗതം പറഞ്ഞു.

ഡെവിൾ ത്രോട്ട് സ്റ്റേഷനിൽ ഞങ്ങളിറങ്ങി. അവിടെ നിന്ന് ജലപാതം വരെ കാട്ടിലൂടെ, ചിലയിടങ്ങളിൽ വെള്ളത്തിനുമീതെ, സ്റ്റീൽ പ്ലേറ്റുകൾ കൊണ്ടുനിർമ്മിച്ച നടപ്പാതകളുണ്ട്. വീൽചെയറുകൾ തടസ്സമില്ലാതെ കൊണ്ടുപോകാൻ പറ്റുന്ന തരത്തിലാണ് നടപ്പാതകൾ പണിതിട്ടുള്ളത്. ദ്വാരങ്ങളുള്ള സ്റ്റീൽ പ്ലേറ്റുകളായതുകൊണ്ട് മഴ പെയ്തുകഴിഞ്ഞാൽ ഒരു തുള്ളി വെള്ളം പോലും കെട്ടിനിൽക്കുകയില്ല, വഴുക്കലുണ്ടാവുകയുമില്ല. പോകാനും തിരിച്ചുവരാനുമുള്ള വഴികൾ, നടുവിലുള്ള റെയ്ലിംഗ് ഉപയോഗിച്ച് വേർതിരിച്ചിട്ടുണ്ട്. 1.097 കി.മീ. നീളമുള്ള നടപ്പാതയിലൂടെയുള്ള യാത്ര ഞങ്ങളേവരും നന്നായി ആസ്വദിച്ചു. ആഴമില്ലാത്തയിടങ്ങളിൽ വെള്ളത്തിൽ നീന്തിത്തുടിക്കുന്ന മത്സ്യങ്ങളും ചതുപ്പിൽ ഇരതേടി നടക്കുന്ന കുളക്കോഴിയും, വള്ളികളിൽ ഊയലാടുന്ന കുരുവികളും; മുളകളിൽ കൂട്ടം കൂടിയിരിക്കുന്ന കാട്ടുടർക്കികളെ കണ്ടും, കൂട്ടുകാർക്ക് കാണിച്ചുകൊടുത്തും ഞങ്ങൾ മുന്നേറി. കഴിഞ്ഞ രാത്രി ഈ ഭാഗങ്ങളിൽ നല്ല മഴ പെയ്തതുകൊണ്ട് ഇന്ന് നദിയിൽ വെള്ളവും ഒഴുക്കും കൂടുതലാണെന്ന് ലുച്ചി പറഞ്ഞു. നടന്നുനടന്ന് ഞങ്ങൾ Devil's Throat ലെത്തി.

Devil's Throat

ഇസ്വാസു നദിയിലെ കുതിച്ചൊഴുകുന്ന വെള്ളം, ദാഹിച്ചുവലഞ്ഞ ചെകുത്താന്റെ തുറന്നുപിടിച്ച ഭീമാകാരമായ വായ്ക്കുള്ളിലേക്ക് വീഴുന്ന കാഴ്ചയാണ് ഇവിടെ കാണാൻ കഴിഞ്ഞത്. ഇവിടത്തെ പാറക്കെട്ടുകൾക്ക് U-Shape ആണ്. ഈ പാറക്കെട്ടിൽ നിന്നും 262 അടി താഴേക്കാണ് കർണ്ണകഠോരമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട്, കോടാനുകോടി ജലകണികകൾ ചിതറിച്ചുകൊണ്ട് വെള്ളം വീണുകൊണ്ടിരിക്കുന്നത്. ഒരിക്കലും മറക്കാൻ പറ്റാത്ത കാഴ്ചയായിരുന്നു അത്. ഒരു കാഴ്ചക്കാരൻ തന്റെ അനുഭവം എഴുതിയിരിക്കുന്നത് വായിച്ചു നോക്കൂ-

'Breathtaking, hair raising, goose bumping,
thought provoking, fear inducing and simply waw !'

ഇതിന്റെ കൂടെ ഒരു പ്രയോഗം കൂടി ഞാൻ മലയാളത്തിൽ ചേർക്കട്ടെ - 'കാഴ്ചക്കാരെ അടിമുടി നനയിക്കുന്ന' എന്നുംകൂടി ചേർത്താൽ അവതരണം പൂർത്തിയായി. അവിടത്തെ ബാൽക്കണിയിൽ അർജന്റീനയുടെ പതാക നാട്ടിയിട്ടുണ്ട്. പുഴയുടെ ഒരറ്റത്ത് ബ്രസീലും, മറ്റേയറ്റത്ത് അർജന്റീനയുമാണ്.

ഡെവിൾസ് ത്രോട്ടിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ഫോട്ടോയെടുത്തുതരാൻ രണ്ടുമൂന്ന് പ്രൊഫഷണൽ ടീമുകൾ നമ്മളേയും കാത്തുനിൽപ്പുണ്ട്. വിലയേറിയ അവരുടെ ക്യാമറകൾ ട്രിപ്പോഡ് സ്റ്റാന്റിൽ ഉറപ്പിച്ച് കുട കൊണ്ട് വെള്ളത്തുള്ളികളിൽ നിന്നും മറച്ചു പിടിച്ചിരിക്കുകയാണ്. ഫോട്ടോയെടുക്കുമ്പോൾ ഒരുത്തൻ 'കുടമറ'

മാറ്റിക്കൊടുക്കും. അല്പസമയത്തിനകം അവർ ഞങ്ങളുടെ (ഗ്രൂപ്പിലെ മിക്കവാറും എല്ലാവരുടേയും) ഫോട്ടോ ഉച്ചഭക്ഷണം കഴിക്കാൻ പോകുന്ന റസ്റ്റോറന്റിൽ എത്തിച്ചുതരാമെന്നുപറഞ്ഞു. ഞങ്ങളെ അവർ 'ലുച്ചീസ് ടീം' എന്നാണ് വിളിച്ചത്. ലുച്ചി പറഞ്ഞതുകൊണ്ട് പ്രിന്റിംഗ് ചാർജ്ജ് കുറച്ചുതരികയും ചെയ്തു. ലുച്ചിയാരാമോൻ !

ചെകുത്താന്റെ കണ്ഠം കുറേനേരം നോക്കി അന്തംവിട്ടുനിന്നു. ഇടയ്ക്ക് പെട്ടെന്ന് പിറവിയെടുക്കുകയും, സെക്കന്റുകൾക്കകം മാഞ്ഞുപോവുകയും ചെയ്യുന്ന മഴവിൽത്തുണ്ടുകളും കണ്ടു. അതൊന്നും ഫോട്ടോയെടുക്കാൻ പറ്റില്ല. കാണുക. ആസ്വദിക്കുക. ഓർമ്മ യുടെ പുസ്തകത്താളുകൾക്കിടയിൽ സൂക്ഷിക്കുക.

'മനസ്സിന്റെ താളുകൾക്കിടയിൽ ഞാൻ-
പണ്ടൊരു മയിൽപ്പീലി ഒളിച്ചുവച്ചു...'

എന്ന വരികൾ കേട്ടിട്ടില്ലേ ?

അവിടെയൊക്കെ ചുറ്റിനടന്ന ഞങ്ങളെ ലുച്ചി പിടിച്ചു കൊണ്ടുപോയി, വീണ്ടും റെയിൽവേ സ്റ്റേഷനിലെത്തിച്ചു. പ്ലാറ്റ് ഫോമിൽ കടിപിടി കൂടുന്ന കാതികൾ. മരച്ചില്ലയിലിരുന്ന് ചിലയ്ക്കുന്ന പക്ഷികൾ. കറുപ്പും മഞ്ഞയും നിറങ്ങളുള്ള പക്ഷികളെക്കാണാൻ നല്ല ഭംഗി.

അടുത്ത ട്രെയിനിൽ ലുച്ചിയുടെ നിർദ്ദേശപ്രകാരം ഞങ്ങൾ കയറി. തൊട്ടടുത്ത സ്റ്റേഷനിൽ എല്ലാവരും ഇറങ്ങണമെന്നും അയാൾ പറഞ്ഞു. കുറേയാളുകൾ റെയിൽപാതയ്ക്ക് സമാന്തരമായി ട്രെക്കിംഗ് ചെയ്യുന്നുണ്ടായിരുന്നു. അവർ ഞങ്ങളെ കൈവീശിക്കാണിച്ചു. പരിപാടിയിലെ അടുത്തയിനം ജംഗിൾ സഫാരിയാണെന്ന് ട്രെയിനിൽ നിന്നിറങ്ങിയ ഞങ്ങളോട് നിജോ പറഞ്ഞു.

ജംഗിൾ സഫാരി

കടും മഞ്ഞ പെയിന്റടിച്ച ടിപ്പർ ലോറി പോലത്തെ വാഹനങ്ങൾ - അവയാണ് ജംഗിൾ സഫാരിയ്ക്ക് ടൂറിസ്റ്റുകളെ കൊണ്ടുപോകുന്നത്. ലോറിയിൽ ബുദ്ധിമുട്ടില്ലാതെ കയറാൻ പ്ലാറ്റ്ഫോം പണിതിട്ടുണ്ട്. ഡ്രൈവർക്കും, കമന്ററി പറയുന്നയാൾക്കും ഇരിക്കാൻ കാബിൻ ഉണ്ട്. ബാക്കി എല്ലാവർക്കും ഇരിക്കാൻ ഫൈബറിന്റെ കസേരകൾ 'ഓപ്പൺ എയറി'ൽ സജ്ജീകരിച്ചിട്ടുണ്ട്. ലോറിയുടെ 'കടുംമഞ്ഞ'യിൽ ചിത്രശലഭ ങ്ങളേയും 'പൂമ' എന്നതരം 'വല്യപൂച്ച'യേയും മനോഹരമായി പെയിന്റ് ചെയ്തുവച്ചിട്ടുണ്ട്. Iguazu Jungle - Gran Adventura എന്നാണ് ടിക്കറ്റിൽ എഴുതിയിരിക്കുന്നത്. അതുപോലെ, ഇന്നത്തെ തീയ്യതി 18 ENE 2020 എന്നും. Google ൽ പരതിയപ്പോൾ ജനുവരിയുടെ സ്പാനിഷ് പദം ENERO ആണെന്ന് മനസ്സിലായി.

ഗ്രഫീല എന്നായിരുന്നു ഞങ്ങളുടെ ഗൈഡിന്റെ (കമന്റേറ്റർ) പേര്. അവർ സ്പാനിഷിലും ഇംഗ്ലീഷിലും മാറി മാറി സംസാരിച്ചു കൊണ്ടിരുന്നു. ഒരു ലോറിക്ക് കഷ്ടിച്ച് കടന്നുപോകാൻ മാത്രം വീതി യുള്ള കാട്ടുപാതയിലൂടെ പതുക്കെയാണ് ഞങ്ങൾ പൊയ്ക്കൊണ്ടി രുന്നത്. 'കയ്യും തലയും പുറത്തിടരുത്' എന്ന ആപ്തവാക്യം ഓർമ്മവന്നു.

മരച്ചില്ലകൾ ഇടയ്ക്കൊക്കെ ഞങ്ങളുടെ തൊപ്പിയിലും മുടിയിലും പിടിച്ച് വലിക്കാൻ ശ്രമം നടത്തുന്നുണ്ടായിരുന്നു.

